# CAREER Updates
# പത്രവൃത്താന്തം

**17.08.2024 (ശനി)**



- ⇨ മികച്ച ചലച്ചിത്രത്തിനുള്ള 70–ാമത് ദേശീയ ചലച്ചിത്ര പുരസ്കാരം നേടിയ മലയാള ചിത്രം
- ✔ ആട്ടം (സംവിധാനം: ആനന്ദ് ഏകർഷി)
- 'ആട്ടം' എന്ന ചിത്രത്തിലൂടെ മികച്ച തിരക്കഥാകൃത്തിനുള്ള പുരസ്കാരവും ആനന്ദ് ഏകർഷിക്ക് ലഭിച്ചു. ഋഷഭ് ഷെട്ടി സംവിധാനം ചെയ്ത 'കാന്താര' ആണ് മികച്ച ജനപ്രിയ ചിത്രത്തിനുള്ള പുരസ്കാരം നേടിയത്. ഇതേ ചിത്രത്തിലെ പ്രകടനത്തിന് ഋഷഭ് ഷെട്ടി മികച്ച നടനുള്ള പുരസ്കാരവും സ്വന്തമാക്കി.
- മികച്ച നടിയ്ക്കുള്ള പുരസ്കാരം നിത്യാ മേനോൻ (ചിത്രം: തിരുച്ചിത്രമ്പലം), മാനസി പരേഖ് (ചിത്രം: കച്ച് എക്സ്പ്രസ്സ്) എന്നിവർ പങ്കിട്ടു. മികച്ച സംവിധായകനുള്ള പുരസ്കാരം നേടിയത് സൂരജ് ആർ ബർജത്യ ആണ് (ചിത്രം: ഊംചായി).
- ദേശീയ സാമൂഹിക പാരിസ്ഥിതിക വിഷയങ്ങളെ കുറിച്ചുള്ള മികച്ച ചിത്രത്തിനുള്ള പുരസ്കാരം വിരാൽ ഷാ സംവിധാനം ചെയ്ത 'കച്ച് എക്സ്പ്രസ്സ്' സ്വന്തമാക്കി. മികച്ച മലയാള ചിത്രത്തിനുള്ള പുരസ്കാരം നേടിയത് തരുൺ മൂർത്തി സംവിധാനം ചെയ്ത 'സൗദി വെള്ളക്ക' ആണ്. മികച്ച ബാലതാരത്തിനുള്ള പുരസ്കാരം മലയാളിയായ ശ്രീപത് യാൻ (ചിത്രം: മാളികപ്പുറം) സ്വന്തമാക്കി.

---

- ⇨ 2024 ആഗസ്റ്റിൽ കേന്ദ്ര പ്രതിരോധ വകുപ്പ് സെക്രട്ടറിയായി നിയമിതനായത്
- ✔ രാജേഷ് കുമാർ സിങ്
- 2023 ആഗസ്റ്റിൽ കേന്ദ്ര ആരോഗ്യ വകുപ്പ് സെക്രട്ടറിയായി നിയമിതനായത് പുണ്യ സലീല ശ്രീവാസ്തവ ആണ്.
- ⇨ എയർപോർട്ട് കൗൺസിൽ ഇന്റർനാഷണലിന്റെ Highest level five accreditation ലഭിച്ച ഏഷ്യയിലെ ആദ്യത്തെ വിമാനത്താവളം
- ✔ കെമ്പഗൗഡ അന്താരാഷ്ട്ര വിമാനത്താവളം (ബംഗലുരു)
- ഏറ്റവും കുറഞ്ഞ അളവിൽ ഹരിതഗൃഹ വാതകം പുറന്തള്ളുന്ന വിമാനത്താവളങ്ങൾക്കാണ് എയർപോർട്ട് കൗൺസിൽ ഇന്റർനാഷണലിന്റെ Highest level five accreditation ലഭിക്കുന്നത്.
- ⇨ 2024 ആഗസ്റ്റിൽ യുവേഫ സൂപ്പർ കപ്പ് ഫുട്ബോൾ കിരീടം നേടിയ ക്ലബ്ബ്
- ✔ റയൽ മാഡ്രിഡ്
- ഫൈനൽ മത്സരത്തിൽ അറ്റ്ലാന്റയെ പരാജയപ്പെടുത്തിയാണ് റയൽ മാഡ്രിഡ് കിരീടം നേടിയത്.
- ⇨ അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയായ വക്ലാവ് ഹാവൽ സെന്ററിന്റെ ഡിസ്റ്റേർബിങ് പീസ് പുരസ്കാരം 2024 ആഗസ്റ്റിൽ നേടിയ ഇന്ത്യൻ സാഹിത്യകാരി
- ✔ അരുന്ധതി റോയി
- അരുന്ധതി റോയിക്കൊപ്പം ഈ പുരസ്കാരം പങ്കിട്ട ഇറാനിയൻ സംഗീതജ്ഞനാണ് ടുമാജ് സലേഹി.

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999